**കേരള സർക്കാർ**

**(സംഗ്രഹം)**

വിവര സാങ്കേതികവിദ്യാ വകുപ്പ് - സർക്കാർ ഓഫീസുകളിൽ മലയാളം കമ്പ്യൂട്ടിംഗ് ലഭ്യമാക്കുന്നതു സംബന്ധിച്ച് എല്ലാ സർക്കാർ ഓഫീസുകളിലും യൂണികോഡ് അധിഷ്ഠിത മലയാളം അക്ഷരം ഉപയോഗിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര സാങ്കേതികവിദ്യാ (ബി) വകുപ്പ്**

സ.ഉ.(എം.എസ്.) 31/08/വി.സ.വ. തീയതി, തിരുവനന്തപുരം, 21.08.2008.

---

പരാമർശം:- കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടറുടെ 22.7.2008-ലെ കെ.എസ്.ഐ.ടി.എം./എൻ.എൽ.സി./2008/436/827 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ നിലവിൽ യൂണികോഡ് അധിഷ്ഠിതമല്ലാത്ത ഫോണ്ടുകൾ ഉപയോഗിച്ചാണ് മലയാളത്തിലുള്ള കത്തുകളും കുറിപ്പുകളും മറ്റു വിവരങ്ങളും തയ്യാറാക്കുന്നത്. ഇങ്ങനെ തയ്യാറാക്കപ്പെടുന്നവ കൈമാറ്റം ചെയ്യപ്പെടുമ്പോൾ അഥവാ ഇൻറർനെറ്റിൽ ലഭ്യമാക്കുമ്പോൾ ഇത്തരം ഫോണ്ടുകൾ ലഭ്യമല്ലാത്ത കമ്പ്യൂട്ടറുകളിൽ വായിക്കുന്നതിനു പ്രായോഗിക തടസ്സം നേരിടേണ്ടി വരുന്നു. എന്നാൽ യൂണികോഡ് അധിഷ്ഠിത ഫോണ്ടുകൾ ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ ഇല്ലാത്തവയാണ്.

സംസ്ഥാനത്ത് ഐ.ടി. വകുപ്പ് നടത്തിവരുന്ന മലയാളം കമ്പ്യൂട്ടിംഗ് പ്രചരണ പരിപാടിയുടെ ഭാഗമായി നടന്ന അവലോകന യോഗത്തിൽ സംസ്ഥാനത്തൊട്ടാകെ സർക്കാർ ഓഫീസുകളിൽ തയ്യാറാക്കപ്പെടുന്ന കത്തുകളും മറ്റു വിവരങ്ങളും യൂണികോഡ് അധിഷ്ഠിതമായിരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറിൽ യൂണികോഡ് മലയാളം എങ്ങനെ ലഭ്യമാക്കാമെന്ന് മലയാളം കമ്പ്യൂട്ടിംഗ് പ്രചരണ പരിപാടിയുടെ ഭാഗമായി രൂപീകരിച്ച www.malayalam.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നതിനാവശ്യമായ യൂണികോഡ് അധിഷ്ഠിത സ്റ്റാൻഡേർഡ് ഫോണ്ടുകൾ ഈ വെബ്സൈറ്റിൽ ലഭ്യമാണ്. ഇവ സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

കൂടാതെ യൂണികോഡ് അധിഷ്ഠിത ഇൻസ്ക്രിപ്റ്റ് കീ ബോർഡിൻെറ ലേ ഔട്ടും . പ്രസ്തുത സൈറ്റിൽ ലഭ്യമാണ്.

മുകളിൽ വിവരിച്ച സാഹചര്യത്തിൽ എല്ലാ സർക്കാർ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങ-ളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറിൽ കത്തുകളും മറ്റു വിവരങ്ങളും തയ്യാക്കുന്നതിനും വെബ്സൈറ്റുകൾ നിർമ്മിക്കുന്നതിനും യൂണികോഡ് അധിഷ്ഠിത മലയാളം ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. അജയ് കുമാർ,
ഗവൺമെൻറ് സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ധനകാര്യം, നിയമം, നിയമസഭാ സെക്രട്ടേറിയറ്റ് ഉൾപ്പെടെ)
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മേധാവികൾക്കും
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
ചീഫ് സെക്രട്ടറിയുടെ ജോയിൻറ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ